PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY
FOURTH SESSION—1951
Tuesday, *the 25th September 1951*

Vol. IV] OFFICIAL REPORT [No. 7

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Tuesday, the 25th September 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicate the number in the list of admitted questions for the day).

Oral Answers

കെട്ടിമേച്ചിൽ

*ക൯ം. (ക) ശ്രീ. പി. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വിദ്യാഭ്യാസ ഡിപ്പാർട്ട്മെൻറിലെ കെട്ടിമേച്ചിൽ ഒഴിഞ്ഞുതോറും നടത്തുന്നതിനു കാലനിർണ്ണയം ചെയ്തിട്ടുണ്ടോ ;

(ബി) ഇക്കൊല്ലത്തെ കെട്ടിമേച്ചിൽ ഏതേതുകാലത്താണു നടത്തിയിട്ടുള്ളതു് ;

(സി) കഴിഞ്ഞ ഇടവപ്പാതിക്കുമുമ്പു കെട്ടിമേച്ചിൽ നടത്താത്ത കാരണത്താൽ സ്കൂൾ കെട്ടിടങ്ങൾക്കു് കേടു് വരിക്കുന്നതിനോ കെട്ടിടങ്ങൾ നിലം പതിക്കുന്നതിനോ കാരണമായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ എത്രയാണെന്നും തൻമൂലം സംഭവിച്ചിട്ടുള്ള നഷ്ടം എത്രയാണെന്നും വീഴ്ചക്കാരനായ ഉദ്യോഗസ്ഥൻ ആരാണെന്നും പറയാൻ മയവുണ്ടാകുമോ ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി) :

(എ) ഉണ്ടു്. സാധാരണയായി മഴയ്ക്കുമുൻപു് അവധിക്കാലത്താണു കെട്ടിമേച്ചിൽ നടത്താറുള്ളതു്.

(ബി) മഴയ്ക്കുമുൻപു് അവധിക്കാലത്തുതന്നെ നടത്തി. എന്നാൽ അപൂർവ്വം ചില പള്ളിക്കൂടങ്ങൾക്കു് വിപരീത സാഹചര്യങ്ങൾകൊണ്ടു് യഥാസമയം കെട്ടിമേച്ചിൽ നടത്താൻ തരപ്പെട്ടില്ല.

(സി) അപൂർവ്വം ചില സന്ദർഭങ്ങളിൽ പള്ളിക്കൂടങ്ങൾക്കു് അല്പാല്പം കേടുപാടുകൾ പറ്റിയിട്ടുണ്ടു്.

(ഡി) മുൻപറഞ്ഞ സന്ദർഭങ്ങളിൽ നഷ്ടം എത്രയെന്നു് കൃത്യമായി നിർണ്ണയിച്ചിട്ടില്ല. എന്നാൽ സാരമായ നഷ്ടം ഉണ്ടായിട്ടില്ല. പ്രതികൂലമായ സാഹചര്യമല്ലാതെ ഉദ്യോഗസ്ഥന്മാരുടെ ഉദാസീനതയല്ല ഇതിനു കാരണം.

ശ്രീ. പി. നാണു : പ്രതികൂലസാഹചര്യങ്ങൾ എന്നുവച്ചാൽ നേരത്തെ കാലവർഷം തുടങ്ങിയതുകൊണ്ടാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൽ. എം. പൈലി : നേരത്തെ കാലവഷ്ം തുടങ്ങുന്നതുതന്നെ ഒരു പ്രതികൂല പരിതഃസ്ഥിതിയാണുളവാക്കുന്നതു്. മാത്രമല്ല, ചില സ്ഥലങ്ങളിൽ സാമാനങ്ങളുടെ വിലക്കൂടുതൽ നിമിത്തം കൺട്രാക്ടറന്മാരെ കിട്ടാതെയും വന്നു. ഇങ്ങനെയുള്ള ഒരവസ്ഥയാണു പ്രതികൂല സാഹചര്യങ്ങൾ എന്നു ഞാൻ പറഞ്ഞതു്.

ശ്രീ. പി. നാണു : കാലവഷ്ം തുടങ്ങുന്നതു സാധാരണയായി ഇന്നയിന്ന സമയങ്ങളിൽ എന്നില്ലേ ?

ശ്രീ. എൽ. എം. പൈലി : ഭൂമിശാസ്ത്രപരമായ ഈ സംഗതിയെപ്പറ്റി ഒന്നും നിശ്ചിതമായി പറയാൻ നിവൃത്തിയില്ല. ചിലപ്പോൾ സമയത്തു വഷ്ം തുടങ്ങും. മറ്റു ചിലപ്പോൾ നേരത്തെ കാലവഷ്ം ആരംഭിക്കും.

ശ്രീ. പി. നാണു : കെട്ടിടങ്ങൾ മേച്ചിൽ നടത്തുന്നതിനു കൺട്രാക്ടർമാരെ കിട്ടാതിരുന്നതിനു വല്ല പ്രത്യേക കാരണവും ഉണ്ടോ ?

ശ്രീ. എൽ. എം. പൈലി : അതു ഞാൻ മുൻപു പറഞ്ഞതുപോലെ സാമാനങ്ങളുടെ വിലക്കൂടുതലും മറ്റും കൊണ്ടു് കൺട്രാക്ടർമാർ ഈ വേലകൾ ഏറ്റെടുക്കാൻ തയാറായി വന്നില്ല.

ശ്രീ. പി. നാണു : വിലക്കൂടുതൽ ഇതിനുമുൻപും ഉണ്ടായിരുന്നില്ലെ ?

ശ്രീ. എൽ. എം. പൈലി : ഉണ്ടായിരുന്നിരിക്കണം.

ശ്രീ. പി. നാണു : മുൻപും ഇപ്പോഴും വിലക്കൂടുതൽ ഒരുപോലെ ആയിരുന്നിട്ടും ഇപ്പോൾമാത്രം ഈ താമസത്തിനു കാരണമെന്താണു് ?

ശ്രീ. എൽ. എം. പൈലി : വിലക്കൂടുതൽ ഉണ്ടായിരുന്നിട്ടും ചില സ്കൂളുകളെ സംബന്ധിച്ചു് കൺട്രാക്ടർമാരെ ചില സ്ഥലങ്ങളിൽ കിട്ടാതെവന്നു. അതും അപൂർവ്വം ചില സ്കൂളുകളെ സംബന്ധിച്ചു മാത്രമെയുള്ളൂ.

ശ്രീ. പി. നാണു : തൽനിമിത്തം ഏതെങ്കിലും പള്ളിക്കൂടം വീണുപോയിട്ടുണ്ടോ ?

ശ്രീ. എൽ. എം. പൈലി : പട്ടണക്കാട്ടു ഒരു സ്കൂൾ വീണുപോയി.

ശ്രീ. കെ. എ. മാത്യു : എല്ലാ സ്കൂളുകളും മിഡ്സമ്മറിനു മുൻപു കെട്ടി മേച്ചിൽ നടത്തണമെന്നു നിർബന്ധമില്ലെ ?

ശ്രീ. എൽ. എം. പൈലി : അങ്ങിനെ നിർബന്ധമൊന്നും ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. എ. മാത്യു : സാമാനങ്ങളുടെ വിലക്കൂടുതൽകൊണ്ടു് കൺട്രാക്ടർമാരെ കിട്ടിയില്ലെങ്കിൽ റേറ്റു കൂടുതൽ കൊടുത്തു അവർ വേല നടത്തുകയില്ലെ?

ശ്രീ. എൽ. എം. പൈലി : റേറ്റു കൂടുതൽ കൊടുത്താൽ ജോലി നടത്തുമായിരിക്കും. അങ്ങിനെയാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. കണ്ണാറ ഗോപാലകൃഷ്ണൻകർ : എവിടെയെങ്കിലും പള്ളിക്കൂടം ഇടിഞ്ഞുവീണു കുട്ടികൾ മരിച്ചുപോയിട്ടുണ്ടോ ?

ശ്രീ. എൽ. എം. പൈലി : ഒരു സ്കൂൾ ഇടിഞ്ഞുവീണതു നിമിത്തം ഒരു കുട്ടി മരിക്കുന്നതിനിടയായി.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ : പറവൂരിൽ ഒരു പള്ളിക്കൂടം കെട്ടി മേച്ചിൽ നടത്താത്തതു നിമിത്തം അതു ഒരു മനക്കലെ തൊഴുത്തിലാണു നടത്തിക്കൊണ്ടിരിക്കുന്നതു് എന്നറിയാമൊ ?

ശ്രീ. എൽ. എം. പൈലി : അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : ഈ പള്ളിക്കൂടങ്ങൾ മുഴുവനും വർഷകാലം തുടങ്ങുന്നതിനുമുൻപു മാല കെട്ടിക്കുന്നതിനു എന്താണു വിഷമം ?

ശ്രീ. എൽ. എം. പൈലി : സാധാരണ നേരത്തെ മാല കെട്ടും. ചില പ്രാവശ്യം അതു സാധിക്കയില്ല.

ശ്രീ. കെ. എ. മാത്യു : എല്ലാ ആണ്ടുകളിലും ഇങ്ങനെ താമസിച്ചാണു മാല കെട്ടിക്കൊണ്ടിരിക്കുന്നതെന്നറിയാമൊ ?

ശ്രീ. എൽ. എം. പൈലി : എല്ലാ ആണ്ടുകളിലും അങ്ങിനെയല്ല.

പുതിയ വിദ്യാഭ്യാസപദ്ധതി

*൧൯൫. (൨) ശ്രീ. പി. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ശ്രീ. ഗോവിന്ദമേനോൻ മന്ത്രിപദം വിടുന്നതുവരെ പുതിയ വിദ്യാഭ്യാസപദ്ധതിയനുസരിച്ചു എത്ര മാനേജുമെൻറുകൾ പദ്ധതി സ്വീകരിച്ചു പ്രവർത്തിച്ചുവിട്ടുണ്ടു ;

(ബി) അതിനുശേഷം എത്ര മാനേജുമെൻറുകൾ പദ്ധതി സ്വീകരിച്ചു പ്രവർത്തിച്ചുവിട്ടുണ്ടു ;

(സി) പദ്ധതി സ്വീകരിക്കാത്ത മാനേജുമെൻറുകൾ ഉണ്ടെങ്കിൽ അവ എത്രയാണു ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി) :

(എ) ൪൨൫.

(ബി) ൧൩.

(സി) ൪൨൯.

ശ്രീ. പി. നാണു : ഗവർമ്മെണ്ടിൻെറ വിദ്യാഭ്യാസപദ്ധതി സ്വീകരിക്കാത്ത മാനേജുമെൻറിനെ പദ്ധതിയിൽ കൊണ്ടുവരുന്നതിനായിട്ടു എന്തു നടപടി നടത്തി ?

ശ്രീ. എൽ. എം. പൈലി : അതെപ്പറ്റി നടപടികൾ ഒന്നും എടുത്തിട്ടില്ല.

ശ്രീ. പി. നാണു : അവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടിയെടുക്കുമൊ ?

ശ്രീ. എൽ. എം. പൈലി : ഈ കാര്യത്തെപ്പറ്റി ഇതിനുമുൻപിലത്തെ ദിവസം ഞാൻ മറുപടി പറഞ്ഞിട്ടുണ്ടു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : പദ്ധതി സ്വീകരിക്കാത്ത മാനേജുമെൻറിനു ഗവർമ്മെൻറിൽനിന്നും വല്ല സൗജന്യവും ചെയ്തുകൊടുത്തിട്ടുണ്ടൊ ?

ശ്രീ. എൽ. എം. പൈലി : ഇല്ല.

ശ്രീ. പി. നാണു : ചില മാനേജുമെൻറ സ്കൂളുകളിൽ കൂടുതൽ ക്ലാസുകൾ നടത്തിക്കൊള്ളാൻ അനുവാദം കൊടുത്തിട്ടില്ലേ ?

ശ്രീ. എൽ. എം. പൈലി : അങ്ങനെയുണ്ടെങ്കിൽതന്നെ അതൊരു സൗജന്യമല്ല.

ശ്രീ. പി. നാണു : കൂടുതൽ ഗ്രാൻറ വല്ലതും കൊടുത്തിട്ടുണ്ടൊ ?

ശ്രീ. എൽ. എം. പൈലി : ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഈ പദ്ധതിയിൽ ചേരണമെന്നു കാണിച്ചു എല്ലാവർക്കും നോട്ടീസ് കൊടുത്തിട്ടില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly